പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 7215

16/07/2012-ൽ മറുപടി
നല്കേണ്ടിയിരുന്നത്

പാണ്ടുപാറ പ്രദേശം ഹില്ലി ട്രാക്കിൽ ഉൾപ്പെടുത്തുവാൻ നടപടി

ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ

(എ) മഞ്ഞപ്ര വില്ലേജിന്റെ ഭാഗമായിരുന്ന കേരള ഭൂമിപതിവ് ചട്ടപ്രകാരം ഹില്ലി ട്രാക്കിൽ ഉൾപ്പെട്ടിരുന്ന പാണ്ടുപാറ പ്രദേശം അയ്യംമ്പുഴ വില്ലേജിൽ ഉൾപ്പെട്ടപ്പോൾ ഹില്ലി ട്രാക്ക് അല്ലാ യെന്ന് പറയുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ പഞ്ചായത്തിലെ പാണ്ടുപാറയിൽ 1977 ന് മുൻപ് കൃഷിചെയ്തു ജീവിക്കുന്ന കർഷകർക്ക് പ്രസ്തുത പ്രദേശം ഹിൽട്രാക്ക് ഏരിയയിൽ ഉൾപ്പെടുത്തി കൈവശക്കാർക്ക് അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിൽ നിന്ന് പ്രത്യേക ഉത്തരവ് ലഭിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

ശ്രീ.അടൂർ പ്രകാശ്
(റവന്യൂ വകുപ്പ് മന്ത്രി)

(എ) കേരള ഭൂമിപതിവ് ചട്ടം 1964 പ്രകാരം അയ്യമ്പുഴ വില്ലേജ് ഹിൽട്രാക്കിന്റെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പാണ്ടുപാറ പ്രദേശം ഉൾപ്പെട്ടുവരുന്ന അയ്യമ്പുഴ വില്ലേജ് ഹിൽട്രാക്ക് ആയി പരിഗണിക്കുവാൻ സാധിക്കുന്നതല്ല.

(ബി) യും (സി) യും (ഡി) യും

പ്രസ്തുത വിഷയത്തിൽ ലാന്റ് റവന്യൂ കമ്മീഷണറുടെയും എറണാകുളം ജില്ലാ കളക്ടറുടെയും റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു അന്തിമ തീരുമാനം എടുക്കുന്നതിലേയ്ക്കായി എറണാകുളം ജില്ലാ കളക്ടറോട് ആനുകൂല്യം ലഭിക്കേണ്ടവരുടെ പട്ടിക ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുമുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ